LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി ജില്ലയിലെ അന്ത്യോദയ പദ്ധതി ഗുണഭോക്താക്കൾ

138 [1265] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ എത്ര ആളുകളെ അന്ത്യോദയ പദ്ധതി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോ താലൂക്കിലും എത്ര പേരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) ഇതിന്റെ പഞ്ചായത്ത് തിരിച്ചും ഇനം തിരിച്ചുമുള്ള ലിസ്റ്റ് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത ലിസ്റ്റിൽ പുതുതായി ഉൾപ്പെടുത്തിയ ആളുകൾക്ക് റേഷൻ നൽകി തുടങ്ങിയോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പുതുതായി എത്ര പേരെ ഉൾപ്പെടുത്തുവാൻ തീരുമനാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 23524 കുടുംബങ്ങളെ അന്ത്യോദയ-അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഓരോ താലൂക്കിലും ഉൾപ്പെടുത്തിയവരുടെ ഇനം തിരിച്ച വിവരം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. †

(സി) പഞ്ചായത്ത് തിരിച്ചും ഇനം തിരിച്ചുമുള്ള ലിസ്റ്റ് അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്. † †

(ഡി) പുതുതായി ഉൾപ്പെടുത്തിയവർക്കും റേഷൻ നൽകി തുടങ്ങി.

(ഇ) കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്കുമാത്രമേ കൂടുതൽ കുടുംബങ്ങളെ അന്ത്യോദയ-അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുകയുള്ളു.

കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ ആരംഭിക്കാൻ നടപടി

139 [1266] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ മാവേലി സ്റ്റോർ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

† & †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ അനുവദിക്കാൻ സ്ഥലം നൽകുന്നതിന് പഞ്ചായത്ത് തയ്യാറാണെന്ന് സിവിൽ സപ്ലൈസ് വകുപ്പിനെ അറിയിച്ചതനുസരിച്ച് മാവേലി സ്റ്റോർ തുടങ്ങാൻ അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ പുതിയ മാവേലി സ്റ്റോർ തുടങ്ങാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

റാന്നിയിൽ പുതിയ മാവേലി സ്റ്റോറുകൾ .

140 [1267] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജകമണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണ് ;

(ബി) റാന്നി ടൗണിലുള്ള പഞ്ചായത്തുകളായ അങ്ങാടി, റാന്നി എന്നിവിടങ്ങളിൽ സ്ഥല സൗകര്യം നൽകാൻ പഞ്ചായത്തുകൾ തയ്യാറായിട്ടും മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) റാന്നി മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റാന്നി, അങ്ങാടി എന്നീ പഞ്ചായത്തുകളിൽ നിലവിൽ മാവേലി സ്റ്റോർ പ്രവർത്തിക്കുന്നില്ല.

(ബി) ഇല്ല.

(സി) കോർപ്പറേഷന്റെ നിബന്ധനകൾക്ക് വിധേയമായി ഗ്രാമപഞ്ചായത്തുകൾ കെട്ടിടം ലഭ്യമാക്കിയാൽ മാവേലി സ്റ്റോർ അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ബി.പി.എൽ. കാർഡ്

141 [1268] ശ്രീ. ഇ. എം. അഗസ്തി :

,, ജോർജ് ജെ. മാത്യു :

,, ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ആശ്രയ കുടുംബങ്ങൾക്കും ബി.പി.എൽ. റേഷൻ കാർഡ് കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly